25 (*55) സഹകരണ ബാങ്കുകളിലെ നിക്ഷേപം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ സഹകരണമേഖലയിൽ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കുന്നതുപോലെ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ താൽപ്പര്യം കാണിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന്റെ കാരണത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ നിക്ഷേപ വിതരണ റേഷ്യോ വളരെ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) 1997-98-ൽ -10583.22 കോടി രൂപ

1998-99- ൽ -12877.09 കോടി രൂപ

(ബി) അല്ല.

(സി) ഉത്തരം (ബി) യുടെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) എല്ലാവർഷവും സഹകരണ നിക്ഷേപ സമാഹരണ യജ്ഞം നടത്തിവരുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി 1 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് ഉറപ്പ് നൽകുന്നതിനുള്ള നിക്ഷേപ ഗ്യാരന്റി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

26 (*56) റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം ത്വരിതപ്പെടുത്താൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ രൂപീകൃതമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനമൂലധനം എപ്രകാരം സംഭരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ കോർപ്പറേഷന് സ്വതന്ത്ര ചുമതല നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) 1999-2000 വർഷത്തെ ബഡ്ജറ്റിൽ കോർപ്പറേഷന്റെ പ്രവർത്തനത്തിനായി എന്തു തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സംസ്ഥാനത്തെ റോഡുകൾ, പാലങ്ങൾ മുതലായവയുടെ സമഗ്രവികസനം ലക്ഷ്യമാക്കി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും വികസനത്തിനായി ബോണ്ടുകൾ, കടപ്പത്രങ്ങൾ, വിനിമയ പത്രങ്ങൾ, വാഗ്ദാന പത്രങ്ങൾ, പണയം, പണയാധാരം, മറ്റ് കൈമാറ്റം ചെയ്യാവുന്ന രേഖകൾ എന്നിവയിൽക്കൂടി പണം സമാഹരിക്കാനും വായ്പാനിക്ഷേപമായി പണം സ്വീകരിക്കാനും ബി.ഒ.ടി. (Build, Operate and transfer) പദ്ധതിയിൻകീഴിൽ അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി ബി.ഒ.ടി. സംരംഭകർക്ക് റോഡുകളും പാലങ്ങളും നിർമ്മിക്കാനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കാനുമാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ രൂപീകരണംകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.

(സി) ധനകാര്യ സ്ഥാപനങ്ങൾ, ധനവിപണി, സ്വകാര്യ പങ്കാളിത്തം എന്നിവയിൽക്കൂടി നിർദ്ദിഷ്ട കോർപ്പറേഷന്റെ പ്രവർത്തനഫണ്ട് സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പ്രസ്തുത സ്ഥാപനം കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 1999-2000 വർഷത്തെ പദ്ധതി ബഡ്ജറ്റിൽ നിർദ്ദിഷ്ട കോർപ്പറേഷന് ധനസഹായം നൽകുന്നതിലേയ്ക്കായി പത്ത് കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

27 (*57) യുവജനനയം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു യുവജനനയം പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച നടപടികളുടെ പുരോഗതി എന്താണ് എന്നറിയിക്കുമോ;

(സി) ഈ ആവശ്യത്തിനുവേണ്ടി സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

LIBRARY ARCHIVES Kerala Legislative Assembly